# അക്കാദമിക മാസ്റ്റർ പ്ലാൻ

T.M.L.P.S

THALIKKULAM

# ആമുഖം.

തളിക്കുളം നമ്പാൻകടവിലെ തീരപ്രദേശത്തോട് ചേർന്ന് കിടക്കുന്ന ടാഗോർ മെമ്മോറിയൽ എൽ.പി സ്കൂൾ സ്ഥാപിതമായിട്ട് 82 വർഷങ്ങൾ പിന്നിടുന്നു. തീരപ്രദേശത്തിന്റെ കുരുന്നുകൾക്ക് അറിവിന്റെ അദ്യാക്ഷരം പകർന്ന് കൊടുക്കുകയും അതോടൊപ്പം സർവ്വതോന്മുഖമായ വളർച്ചക്ക് ഉതകുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാനും ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസ നൽകുന്നതിനായി ഒരു വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുകയാണ്. 2025-2026 അധ്യയന വർഷത്തെ പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പി.ടി.എ ഒ.എസ്.എ സ്കൂൾ സംരക്ഷണ സമിതി എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി രേഖ തയ്യാറാക്കുന്നത്.

# ചരിത്രം

ടാഗോർ മെമ്മോറിയൽ എൽ.പി സ്കൂൾ 1942 ലാണ് സ്ഥാപിതമായത്. അക്കാലത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരുന്നു പരിസരവാസികളിൽ അധികവും. നാട്ടുകാർക്കിടയിലുള്ള പാവപ്പെട്ട തൊഴിലാളികൾക്കും അവരുടെ മക്കൾക്കും വിദ്യ അഭ്യസിക്കുന്നതിനുള്ള സൗകര്യം അന്നുണ്ടായിരുന്നില്ല. ഇങ്ങനെയുള്ളവർക്കെല്ലാം വിദ്യ നൽകുന്നതിനുവേണ്ടി ആശാൻ മെമ്മോറിയൽ എന്നപേരിൽ ഒരു പള്ളിക്കൂടം ഇവിടെ നിലനിന്നിരുന്നു. നിർഭാഗ്യവശാൽ നാട്ടിലെ ചില വ്യക്തികളുടെ പരസ്പരമുള്ള വൈരാഗ്യവും ശത്രുതയും ഈ സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിക്കാതെ നശിച്ചു പോകാൻ കാരണമായി.

ആശാൻ മെമ്മോറിയൽ പാഠശാലയുടെ പതനത്തെ തുടർന്ന് നല്ലവരായ ചില വ്യക്തികളുടെ പരിശ്രമഫലമായി നാട്ടുകാരുടെ സഹകരണത്തോടെ മറ്റൊരു സ്ഥാപനം ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഉദ്ദപ്പുറയ്ക്കൽ അയ്യപ്പുണ്ണി, ആറക്കൽ കോരു, തേറമ്പിൽ രാമൻ, തേറമ്പിൽ വേലാണ്ടി

പട്ടാലി കുഞ്ഞാമൂപ്പൻ ഉണ്ണിവരുടെ നേതൃത്വത്തി ൽ ഇതേവർഷത്തെ ടാഗോർ മെമ്മോറിയൽ എൽ.പി സ്കൂൾ സ്ഥാപിതമായി.

വിദ്യാലയ അവസ്ഥാ വിശകലനം.

ചാവക്കാട് താലൂക്കിൽ തളിക്കുളം പഞ്ചായത്തിൽ അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് തമ്പാൻകടവ്. ഇവിടെ ഒരു ചെറിയ കുന്നിൻ മുകളിൽ 50 സെന്റ് സ്ഥലത്താണ് ടാഗോർ മെമ്മോറിയൽ എൽ.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് സ്കൂളിൽ പഠിക്കുന്നതിൽ ഭൂരിഭാഗവും. റോഡിൽ നിന്ന് സ്കൂളിലേക്ക് ശരിയായ വഴിയില്ല. ഒരു ചെറിയ തോട് കടന്ന് വേണം സ്കൂളിൽ എത്തിച്ചേരാൻ മഴക്കാലത്ത് ഈ തോട് നിറഞ്ഞൊഴുകുന്നതിനാൽ തകരഷീറ്റുപയോഗിച്ച് കൈവരികളോട് കൂടിയ ഒരു പാലം താൽക്കാലികമായി നിർമ്മിച്ചിട്ടുണ്ട്.

1942 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. അക്കാലത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരുന്നു അധികം പരിസരവാസികളും അവരുടെ മക്കളെല്ലാം തന്നെ അറിവുനേടുന്നതിനായി ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് കാലാനുസൃതമായി വന്ന മാറ്റങ്ങൾ

വിദ്യാലയത്തെ ബാധിച്ചു.
ഗൾഫിൽ നിന്നുള്ള പണത്തിന്റെ കുത്തൊഴുക്കും വീടുകളിലെ ആധുനിക സൗകര്യവും സാമ്പത്തിക സ്ഥിതിയിലുള്ള പുരോഗതിയും സമൂഹത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ (സിബിഎസ്ഇ) എന്ന മേഖലയിലേക്ക് ആകർഷിച്ചു. മികച്ച ഭൗതിക സാഹചര്യങ്ങളുള്ള അൺ-എയ്ഡഡ് വിദ്യാലയത്തിലേക്കുള്ള കുട്ടികളുടെ ഒഴുക്കു മൂലം നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറയാൻ തുടങ്ങി. ഈ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കുട്ടികളെ ആകർഷിക്കുന്നതിനായി നാട്ടുകാരുടെയും പി.ടി.എ. ഒ.എസ്.എ. എസ്.എം.സി അംഗങ്ങളുടെയും സഹകരണത്തോടെ ഭൗതി. ഉന്നതിയാക്കാൻ തീരുമാനിച്ചു.

മേഖല : അക്കാദമികം

ഉപമേഖല: മലയാളത്തിളക്കം , കലാകായിക പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളഭാഷയിലെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് വായനയും എഴുത്തും തെറ്റ്കൂടാതെ ചെയ്യുവാനും പഠനം ലളിതവും ആസ്വാദ്യകരവും ആക്കുന്നതിനായി മലയാളത്തിളക്കത്തിലൂടെ സാധിക്കുന്നു. | പ്രീ-ടെസ്റ്റ് നടത്താൻ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ, രക്ഷിതാക്കളുമായി ചർച്ച. വർക്ക് ഷീറ്റുകൾ തയ്യാറാക്കി പാട്ട്, കഥ, കവിത, കടങ്കഥ. അക്ഷര കേളികൾ എന്നിവയിലൂടെ അക്ഷരം ഉറപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപിക | 1000 |
| | കലാകായിക പ്രവൃത്തി പരിചയം എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തൽ അതിനു വേണ്ടിയുള്ള പരിശീലകരെ കണ്ടെത്തി. കുട്ടികൾക്ക് ക്ലാസ് നൽകൽ, വിദ്യാരംഗം, കലാസാഹിത്യ വേദി, ബാലസഭ എന്നിവയിൽ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ചാർജുള്ള അധ്യാപകർ | 5000 |

മേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കുകയും സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കുകയും ചെയ്യുന്നതിന്.<br>രചനകൾ ഭാവാത്മകമായി അവതരിപ്പിക്കലും, ചെറു സർഗാത്മക രചനകൾ നടത്തൽ, കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ നാട്ടുകഥകൾ ഒരുക്കി വയ്ക്കൽ.<br>നാടൻപാട്ടിലെയും കവിതയിലെയും താളവും<br>കഥോത്സവം, നാടോടി കഥകളുടെ അവതരണം.<br>നാടൻപാട്ടുകളുടെ അവതരണം<br>പാവനാടകശില്പശാല<br>നാടക ശില്പശാല<br>കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനവും ചിത്രരചനാശില്പശാലയും.<br>റീഡേഴ്സ് തിയേറ്റർ ശില്പശാലയും അവതരണവും.<br>രചനാസമാഹാര പ്രകാശനം.<br>വായനകാർഡ് 50<br>ഭാവാത്മക വായന. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപിക. |

മേഖല: അക്കാദമികം

ഉപമേഖല: ഗണിതശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതപഠനം കൂടുതൽ രസകരവും ലളിതവുമായിത്തീരുന്നു. അതോടൊപ്പം കളികളിലൂടെയും ഗണിതം രസകരമാക്കാൻ കഴിയുന്നു. | * പ്രീ-ടെസ്റ്റ് നടത്തി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>* കളികളിലൂടെ ഗണിതം ഉറപ്പിക്കുന്നു.<br>* കൂടുതൽ ഗണിത തന്ത്രങ്ങളിലൂടെയും (പാട്ട്, കഥ, കടങ്കഥ, കുസൃതി കണക്ക്) ഗണിത ശേഷികൾ ഉറപ്പിക്കൽ.<br>* അബാക്കസ്, സംഖ്യാപോക്കറ്റ്, മണിമാല നിർമ്മാണം, ഗണിതകിറ്റ് സജ്ജീകരിക്കൽ<br>* ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, വരയ്ക്കൽ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകൽ. | | | |

മേഖല: അക്കാദമികം

ഉപമേഖല: ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| ലൈബ്രറി ക്ലാസ് മുറിയിൽ സജ്ജീകരിച്ച് ആവശ്യാനുസരണം എടുത്ത് വായിക്കുവാനും വായനാക്കുറിപ്പുകൾ തയ്യാറാക്കാനും | * ലൈബ്രറി ഷെൽഫിൽ പരമാവധി പുസ്തകങ്ങൾ സ്കൂളിലേക്ക് സംഭാവന ചെയ്യൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| | * ലൈബ്രറി പുസ്തകങ്ങൾ ഓരോ വിഭാഗങ്ങളായി തരംതിരിക്കൽ. | ജൂൺ | " | |
| | * ഇനിയും ആവശ്യമുള്ള പുസ്തകങ്ങൾ വാങ്ങുന്നു. | ജൂലൈ | " | 5000 |

ഉപമേഖല: ശാസ്ത്രപോഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉണ്ടാക്കൽ | ശാസ്ത്രമൂലയിൽ ഉണ്ടാകുന്ന സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. അവയെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, അതെ നിർമ്മിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കൽ. ശാസ്ത്രമൂലയിൽ പുസ്തകങ്ങൾ വെക്കുന്നു, പരീക്ഷണം ചെയ്യുന്നതിനായി സാമഗ്രികൾ വാങ്ങൽ. പി.ടി.എ യിലൂടെ, എസ് എസ് ജി എന്നിവയിൽ അവതരണം. ശാസ്ത്ര ശാക്തീകരണം. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | മാനേജർ OSA SSA 2500 |

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ് ഭാഷ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | * പഠനനില കണ്ടെത്തൽ<br>* പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ അവസാന വാരം | ക്ലാസ് ടീച്ചർ | |
| | * ഇംഗ്ലീഷ് അസംബ്ലി | ജൂലായ് | എല്ലാ. [illegible] | |
| | * ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി. | ആഗസ്റ്റിൽ | ക്ലാസ് ടീച്ചർ | |
| | * ഇംഗ്ലീഷ് പഠനം ലളിതമാക്കൽ, വായന സാമഗ്രികൾ, ലഘുമാക്കൽ | ഒരു ദിവസം<br>എല്ലാ ദിവസവും | S.RG.<br>ക്ലാസ് ടീച്ചർ | 2000 |
| | * ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ്, പതിപ്പ്, മാഗസിനുകൾ | ജനുവരി | H.M | 500 |
| | | ജൂലായ് | ക്ലാസ് ടീച്ചർ | 1001 |

മേഖല: ഭൗതികം

ഉപമേഖല: കോൺക്രീറ്റ് റോഡ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| കുട്ടികൾക്കും അധ്യാപകർക്കും സ്കൂളിൽ പ്രവേശിക്കുന്നതിന് ശരിയായ നടപ്പാതയില്ല. തോടിന് കുറുകെയുള്ള പാലം കോൺക്രീറ്റ് ചെയ്ത് നടപ്പാത മനോഹരമാക്കൽ. | പി.ടി.എ, ഒ.എസ്.എ, എസ്.എസ്.ജി, പഞ്ചായത്ത്, മാനേജ്മെന്റ്, എന്നിവരുടെ സംയുക്ത യോഗം സ്ഥലഉടമയുമായി ചർച്ച.<br>തോടിനു കുറുകെ കോൺക്രീറ്റ് പാലം നിർമ്മിക്കൽ | ജൂൺ<br>ജൂൺ<br>ജൂലായ് | പി.ടി.എ പഞ്ചായത്ത്.<br>പഞ്ചായത്ത്, പി.ടി.എ അധ്യാപകർ. | 5000 പി.ടി.എ ഒ.എസ്.എ. |

## ഉപമേഖല: ചുറ്റുമതിൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ഭൗതികാന്തരീക്ഷം മെച്ചപ്പെടുന്നതിനോടൊപ്പം കുട്ടികളുടെ സുരക്ഷയോടൊപ്പം വിദ്യാലയസുരക്ഷിതത്വവും ഉറപ്പുവരുന്നു. | * സ്ഥലം അളന്നു തിട്ടപ്പെടുത്തൽ<br>* ഉയർന്ന സ്ഥലമായതിനാൽ അടിത്തറയോടു കൂടിയ മതിൽ ആവശ്യമാണ്.<br>* മതിൽ പുറത്ത് വചനങ്ങൾ എഴുതൽ<br>* പ്രവേശനകവാടം നിർമ്മിക്കൽ<br>* സ്കൂളിന്റെ പേരെഴുതി ആർച്ച് നിർമ്മിക്കൽ. | ജൂലായ്<br>ഡിസംബർ | മാനേജ്മെന്റ്<br>S.S.G<br>OSA<br>പഞ്ചായത്ത്. | 5000<br>OSA<br>മാനേജ്മെന്റ്. |

## ഉപമേഖല : കല-കായിക - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രൈമറിതലം മുതൽ കുട്ടികളുടെ മാനസികോല്ലാസത്തോടൊപ്പം കായികശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ ശേഷി പരിപോഷിപ്പിക്കുന്നതിനും പ്രയോജനകരമാണ് | പാഠഭാഗവുമായി ബന്ധപ്പെട്ട് കല-കായിക - പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ കണ്ടെത്തി SRG യിൽ ആസൂത്രണം. നിർദ്ദിഷ്ട പിരീഡിൽ പ്രവർത്തനങ്ങൾ നടപ്പാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അധ്യാപിക. | |

മേഖല : അക്കാദമികം

ഉപമേഖല : നിരന്തര വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലെയും എല്ലാ വിഷയങ്ങളിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന്, പരിഹാരബോധന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കൽ, ഭിന്നശേഷിയുള്ളവരെ പ്രത്യേകം പരിഗണിക്കൽ | . ദൈനംദിന പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായെന്ന് കണ്ടെത്തുന്നു. റിഫ്ലക്ഷൻ നോട്ട് തയ്യാറാക്കുന്നു. പരിഹാരബോധന പ്രവർത്തനങ്ങൾ നൽകുന്നതിനായി വർക്ക് ഷീറ്റ്, ഭിന്നതല പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തുന്നു. മികച്ചവ പോർട്ട് ഫോളിയോയിലേക്ക് മാറ്റുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : സി പി ടി എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനനിലവാരം, മികവുകൾ എന്നിവ രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നതിനും തന്റെ കുട്ടിയെ അറിയുന്നതിനും CPTA സഹായകരമാണ്. | മാസം തോറും ക്ലാസ് തലത്തിൽ CPTA യോഗം ചേരൽ, പഠന നിലവാരം ചർച്ച ചെയ്യൽ പഠന നേട്ടങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ, ഉത്പന്നങ്ങൾ, മികവുകൾ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | HM, ക്ലാസ് അധ്യാപിക | |

മേഖല : അക്കാദമികം

ഉപമേഖല : എസ്. ആർ. ജി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ ഫലപ്രദമായി കുട്ടികളിലെത്തിക്കുന്നതിനായി ആഴ്ചതോറും യോഗം ചേരുന്നു. പഠന പ്രവർത്തനങ്ങളുടെ സൂക്ഷ്മതലം, ആസൂത്രണം, പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | . എല്ലാ വെള്ളിയാഴ്ചകളിലും 4 മണി മുതൽ 5 മണിവരെ യോഗം ചേരുകയും പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും അടുത്ത ആഴ്ചയിലേക്കുള്ള പഠനപ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം നടത്തി തയ്യാറെടുപ്പുകൾ ചെയ്യുന്നു. | മെയ് മുതൽ മാർച്ച് വരെ | HM SRG Convenor | |

| | | | | |
|---|---|---|---|---|
| മികവുകൾ കണ്ടെത്തൽ, സംശയ ദൂരീകരണം എന്നിവ നടത്തുന്നതിന് SRG യോഗങ്ങൾ ഫലപ്രദമാണ് | | | | |
| ഉപമേഖല: അസംബ്ലി | | | | |
| കുട്ടികളിൽ അച്ചടക്കം, കൃത്യനിഷ്ഠ നേതൃത്വഗുണം എന്നി മൂല്യങ്ങൾ വളർത്തുന്നതിന് സഹായകമാണ് | എല്ലാ ദിവസവും രാവിലെ 9:50 ന് അസംബ്ലി. ബുധനാഴ്ച തോറും ഇംഗ്ലീഷ് അസംബ്ലി പത്രവായന, ഡ്രിൽ, മികവുകളുടെ അവതരണം, അറിയിപ്പുകൾ എന്നിവ ഉൾപ്പെടുന്നു. | ജൂൺ മുതൽ മാർച്ച് വരെ | HM ക്ലാസ് അധ്യാപിക | |

മേഖല : അക്കാദമികം

ഉപമേഖല : ക്ലബ്ബ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ നേതൃത്വ പാടവം, സഹജീവി സ്നേഹം, ശുചിത്വം, വായനാശീലം, പരിസ്ഥിതി സ്നേഹം എന്നിവ വളർത്താൻ ക്ലബ്ബ് പ്രവർത്തനങ്ങൾ സഹായകമാണ് | · ഗണിത ക്ലബ്ബ്, വായന ക്ലബ്ബ്, കാർഷിക ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നീ ക്ലബ്ബുകളുടെ രൂപീകരണം, ചുമതല വിഭജനം<br>· ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് ആസൂത്രണം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ചാർജ്ജ് വഹിക്കുന്ന അധ്യാപകർ | PTA |
| | · ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ | മാസത്തിലൊരിക്കൽ | | |

മേഖല : അക്കാദമികം

ഉപമേഖല : ദിനാചരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ നടത്തുന്നതിലൂടെ ഓരോ ദിനങ്ങളുടെ പ്രാധാന്യവും കുട്ടികളിലെത്തിക്കാൻ കഴിയുന്നു. | പ്രതിമാസ കലണ്ടറിൽ രേഖപ്പെടുത്തിയ പ്രകാരം SRG യിൽ ചർച്ച, ആസൂത്രണം, പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തൽ, ദിനാചരണങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ. ആ ദിനങ്ങളിൽ ഒതുങ്ങിനിൽക്കാതെ ദിനാചരണങ്ങൾ തുടർപ്രവർത്തനങ്ങളുമായി കൊണ്ടുപോകൽ. | മെയ് മുതൽ മാർച്ച് വരെ | HM അധ്യാപകർ | |

മേഖല : അക്കാദമികം

ഉപമേഖല : പൂർവ്വ വിദ്യാർത്ഥി സംഘടന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തി വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കുന്നു. | OSA ജനറൽ ബോഡി കമ്മിറ്റി തെരഞ്ഞെടുപ്പ്, വിദ്യാലയ വികസന മേഖലകൾ കണ്ടെത്തി അതിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | OSA HM PTA | |

മേഖല : ഭൗതികം

ഉപമേഖല : ക്ലാസ്സ് റൂം, ഓഫീസ് റൂം, സ്റ്റാഫ് റൂം നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനാന്തരീക്ഷം ആകർഷകമാക്കുകയും കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുകയും ചെയ്യുന്നു | • OSA, PTA, SSG യോഗം ചേർന്ന് വിഷയം അവതരിപ്പിച്ച് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും അഭ്യർത്ഥിക്കുന്നു | മെയ് - | HM<br>PTA<br>OSA<br>മാനേജ്മെന്റ് | 10,00,000<br>MLA<br>MP<br>OSA |
| | • ക്ലാസ്സ് റൂം നവീകരണം ടൈൽ വിരിക്കൽ | ആഗസ്റ്റ് | HM<br>PTA<br>OSA | |
| | • ലൈബ്രറി, റീഡിംഗ് റൂം നിർമ്മാണം | | | |

| | | | |
|---|---|---|---|
| ലൈബ്രറി സജ്ജീകരിച്ച് ശരിയായ രീതിയിൽ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുകയും. ഇരുന്ന് വായിക്കുന്നതിനു മികച്ച സൗകര്യം ഉറപ്പുവരുത്തൽ | ഒക്ടോബർ | HM PTA OSA | |
| • സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ, പ്രൊജക്ടർ സജ്ജീകരിക്കൽ, കുട്ടികൾക്ക് ICT സാധ്യത പ്രയോജനപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | HM PTA OSA | |

മേഖല: ഭൗതികം

ഉപ മേഖല: ജൈവ വൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹരിതവിദ്യാലയം എന്ന ആശയം വിദ്യാലയത്തിൽ നടപ്പിലാക്കുന്നതിനോടൊപ്പം നല്ല പഠനാന്തരീക്ഷവും അതോടൊപ്പം വിഷരഹിതമായ പച്ചക്കറികൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താനും മാനസിക ഉല്ലാസത്തിന് അനുയോജ്യമായ കളിയുപകരണങ്ങളും സജ്ജമാക്കുകയും ചെയ്യുന്നു | * എസ്.എം.സി, പി.ടി.എ, എസ്.എസ്.ജി, യോഗം ചേർന്ന് ഈ വിഷയം അവതരിപ്പിക്കുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങളും അറിയിക്കുന്നു. | മെയ് | H.M<br>പി.ടി.എ<br>മാനേജ്മെന്റ് | 50,000<br>MLA<br>OSA<br>S.S.G.<br>പഞ്ചായത്ത് |
| | * ജൈവ പന്തൽ നിർമ്മാണം. ഇരുമ്പുകാലുകൾ ഉറപ്പിച്ച് നെറ്റ് ഉപയോഗിച്ച് പന്തൽ നിർമ്മിക്കൽ. | ജൂൺ മുതൽ | | 50,000 |
| | * കുളം നിർമ്മാണം | | | |
| | * ഉദ്യാന നിർമ്മാണം ചെടികൾ ശേഖരിക്കൽ, വാങ്ങിക്കൽ, പാർക്ക് നിർമ്മാണം, ഊഞ്ഞാൽ, സീസോ, സ്ലൈഡ് എന്നിവ സ്ഥാപിക്കൽ | | | 200000 |

മേഖല : ഭൗതികം

ഉപമേഖല : ഓപ്പൺ സ്റ്റേജ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനോടൊപ്പം ആത്മധൈര്യവും വളർത്തുന്നതിന് ഓപ്പൺ സ്റ്റേജ് സഹായിക്കുന്നു | • ബന്ധപ്പെട്ട സംഘാടക സമിതി ചേർന്ന് കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കൽ<br>• എസ്റ്റിമേറ്റ് തയ്യാറാക്കൽ<br>• നിർമ്മാണ പ്രവർത്തനങ്ങൾ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | Mgt<br>HM<br>OSA<br>SSG | 5,00,000<br>MLA<br>MP |

## പ്രതീക്ഷിത നേട്ടങ്ങൾ

സമൂഹം ഒരു വിദ്യാലയത്തിൽ നിന്നും
പ്രതീക്ഷിക്കുന്ന ഒരു പാട് കാര്യങ്ങളുണ്ട്. പൊതു
സമൂഹത്തിന്റെ മതിപ്പും വിശ്വാസവും പിന്തുണ
യും ആർജ്ജിക്കാൻ ആവശ്യമായ പ്രവർത്തന
ങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തി
നല്ല പൗരന്മാരെ വാർത്തെടുക്കാൻ കഴിയും
എന്നതാണ് പ്രതീക്ഷ. ജനാധിപത്യ പരിശീല
നത്തിന്റെ വേദിയായി ക്ലാസ്സുകൾ മാറുന്നതിലൂടെ
പ്രശ്നപരിഹരണത്തിനുള്ള ശേഷിയും നേതൃ
ത്വശേഷിയും കുട്ടികൾക്ക് കൈവരിക്കാനാകും
വിദ്യാലയത്തിന് സ്വന്തമായ പാഠ്യപദ്ധതിയും
പ്രവർത്തന പാക്കേജും രൂപപ്പെടുത്തുന്ന
തിലൂടെ ജീവിത നൈപുണി പരിശീലനം
നേടാൻ കഴിയും. പ്രത്യേക പരിഗണന അർ
ഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്താനും
പാർശ്വവത്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസവു
മായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ

മറികടക്കാനും കഴിയും. പൊതുവിദ്യാഭ്യാസ
മേഖലയിലേക്ക് പരമാവധി കുട്ടികളെ ആകർ
ഷിക്കുക വഴി വിദ്യാലയത്തെ പഴയതിലേക്ക്
തിരികെ എത്തിക്കാൻ കഴിയും എന്നാണ്
പ്രതീക്ഷിക്കുന്നത്.

## ഉപസംഹാരം

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധമുള്ള മുന്നേറ്റത്തിന് ഒരുങ്ങുകയാണ്. സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷകൊത്ത് പൊതുവിദ്യാലയങ്ങളെ മാറ്റത്തിനുള്ള അതിബൃഹത്തും സമഗ്രവുമായ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ വിദ്യാലയ വികസന പദ്ധതി സമഗ്ര ഗുണമേന്മയ്ക്കും ഭൗതിക വികസനത്തിനും സഹായകമാണ് എന്ന് വിശ്വസിക്കുന്നു. വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതുവിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കാൻ ഇതിലൂടെ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.....

# മലയാളം - STD I

| പ്രവർത്തനങ്ങൾ | കാലം |
|---|---|
| ലളിതമായ പാട്ടുകളും വായ്ത്താരികളും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ | ജൂൺ - മാർച്ച് |
| CPTA യിൽ രണ്ടു മാസത്തിലൊരിക്കൽ പാട്ടരങ്ങ് | എല്ലാ മാസവും |
| പാട്ട് പൂരണം. ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ | ഓഗസ്റ്റ് |
| നിർമ്മാണ ശില്പശാല പ്രവൃത്തിയിൽ നിന്ന് പഠിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുന്നു. | എല്ലാ മാസവും |
| ചിത്രങ്ങൾ നിരീക്ഷിക്കുന്നു | ജൂൺ |
| ഗ്രാഫിക് എഴുത്ത് നടത്തുന്നു | " |
| സചിത്ര പുസ്തകത്തിൽ തെളിവെടുത്ത് എഴുതൽ പൊരുത്തപ്പെടുത്തി എഴുതൽ | " |
| കൂട്ട ബോർഡെഴുത്ത് | ജൂൺ മുതൽ |
| സംയുക്ത ഡയറി എഴുത്തിന് തുടക്കം | ജൂൺ മുതൽ |
| വായിച്ച കഥയിലെ ആശയം പങ്കിടൽ | ജൂൺ മുതൽ |
| ലളിതമായ കഥ ചിത്രം നോക്കി എഴുതൽ | ജനുവരി |

| | |
|---|---|
| | ഫെബ്രുവരി |
| • രൂപനോത്സവം | ജൂൺ |
| • ചിത്രവായന | |
| • പരിചിതമായ ബാലസാഹിത്യകൃതി കുട്ടികളെ ചിത്രങ്ങൾ നിരീക്ഷിച്ച് വായനയിലേക്ക് നയിക്കുന്നു | ജൂൺ |
| • കഥ പറയാൻ അവസരം നൽകുന്നു | ജൂൺ |
| • കഥ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു (രക്ഷിതാക്കൾ & ടീച്ചർ) | ജൂലൈ |
| • ചിത്രവായനക്കാർഡുകൾ, വായനക്കാർഡുകൾ തയാറാക്കൽ | ആഗസ്റ്റ് സെപ്റ്റംബർ |
| • വായനോത്സവം - CPTA യിൽ വായനക്കാർഡുകൾ വായിക്കുന്നു | നവംബർ |
| • സംയുക്തവായന CPTA യിൽ | നവംബർ |
| • റീഡേഴ്സ് തീയറ്റർ - കഥാവായന | ജനുവരി ഫെബ്രുവരി |

# ഗണിതം - STD I

| പ്രവർത്തനങ്ങൾ | മാസം |
|---|---|
| ഗണിതശില്പശാല നടത്തുന്നു | ജൂൺ |
| കുഞ്ഞുപുസ്തകം തയ്യാറാക്കൽ | " |
| മഞ്ചാടിസഞ്ചി ഒരുക്കൽ | ജൂൺ |
| ടേൺ ഫ്രെയിം തയ്യാറാക്കൽ | " |
| സംഖ്യാറിബണുകൾ തയ്യാറാക്കൽ | " |
| 10 വരെയുള്ള സംഖ്യകളുടെ ഗണിതരൂപവും എഴുത്തുരൂപവും പരിചയപ്പെടുത്തുന്നു | ജൂലൈ ഓഗസ്റ്റ് |
| ടേൺ ഫ്രെയിം | ഓഗസ്റ്റ് |
| സംഖ്യാറിബണുകൾ തയ്യാറാക്കി. 1 മുതൽ 20 വരെയും 20 മുതൽ 1 വരെ കീഴ്പോട്ടും എഴുതുന്നു | ഓഗസ്റ്റ് മുതൽ |
| അബാക്കസ് നിർമ്മാണം - CPTA | ഓഗസ്റ്റ് |
| സംഖ്യാപാട്ടുകൾ പാടുന്നു | ജൂൺ മുതൽ |
| ഉല്ലാസഗണിത പ്രവർത്തനങ്ങൾ നടത്തുന്നു | " |
| മഞ്ചാടി സഞ്ചിയിൽ നിന്ന് വസ്തുക്കൾ ഉപയോഗിച്ച് കൂട്ടത്തിൽ ഉപയോഗിക്കുന്നു. (സങ്കലനം, വ്യവകലനം) | ജൂൺ മുതൽ മാർച്ച് വരെ |

# ENGLISH - STD-I

| Activities | Time |
| --- | --- |
| ◦ Hello English activities like game, action song etc | June to march |
| ◦ role play, conversation etc | July |
| ◦ Communicative English in our classroom | August |
| ◦ Graphic reading | June |
| ◦ picture reading | July |
| • Simple word reading | August |
| ◦ Reading cards reading | onwards |
| ◦ Identify rhyming words | November |
| ◦ Make word web | August |
| ◦ picture description (graphic writing) | June, July |
| ◦ Make riddles (oral) | |
| ◦ picture description | Aug to mar |
| ◦ English fest (Role play, skit, Readers Theatre etc) | March |

| ക്ര.നം | വിഷയം | പ്രവർത്തനത്തിന്റെ പേര് | മാസം | |
|---|---|---|---|---|
| 1. | ഗണിതം | സംഖ്യാബോധം | ജൂൺ- ഫെബ്രുവരി | OSA, OTA, SSG |
| 2 | " | ഗണിതപ്പാട്ട് | ജൂൺ- ഫെബ്രുവരി | PTA |
| 3 | " | ഗണിതകേളി | ജൂൺ-ഫെബ്രുവരി | SRG, PTA |
| 4 | " | പസിലുകൾ | ജൂൺ- ഫെബ്രുവരി | PTA, അധ്യാപകർ |
| 5 | " | പാറ്റേൺ നിർമ്മാണം | | രക്ഷിതാക്കൾ, അധ്യാപകർ |
| 6 | " | ജ്യാമിതീയ രൂപങ്ങൾ | " | |
| 7 | " | കലണ്ടർ | | " |
| 8 | " | ചതുഷ്ക്രിയകളിലെ സങ്കലനം | " | " |
| 9 | | വ്യവകലനം, ഗുണനം എന്നിവ ഉറപ്പിക്കൽ | " | " |
| 9 | " | അളവുകൾ | | " |
| 10 | " | മനക്കണക്ക് | " | " |
| 11 | " | നാണയങ്ങളും നോട്ടുകളും | " | " |
| 12 | " | മികവുത്സവം | മാർച്ച് | SSG, BRC, Parents അധ്യാപകർ. |

| ക്ര.നം | വിഷയം | പ്രവർത്തനത്തിന്റെ പേര് | മാസം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | പരിസരപഠനം | പ്രകൃതി നടത്തം | ജൂൺ | അധ്യാപകർ |
| 2 | " | നിരീക്ഷണം | ജൂൺ - മാർച്ച് | " |
| 3 | " | പോസ്റ്റർ രചന | | |
| 4 | " | പരീക്ഷണങ്ങൾ | ജൂൺ-മാർച്ച് | അധ്യാപകർ, കുട്ടികൾ PTA, OSA |
| 5 | " | വിവിധങ്ങളായ തൊഴിലുകൾ തരംതിരിക്കൽ പട്ടികപ്പെടുത്തൽ താരതമ്യം ചെയ്യൽ | ജൂലൈ | " |
| 6 | " | വിവരശേഖരണം (ICT) | | " |
| | | പതിപ്പ് തയ്യാറാക്കൽ ദേശീയ പതാക നിർമ്മാണം പ്ലക്കാർഡ് ശോധികരണം | ജൂൺ - മാർച്ച് | " |

| ക്ര. No | വിഷയം | പ്രവർത്തനത്തിന്റെ പേര് | മാസം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഭാഷ | പാഠരങ്ങ് | ജൂൺ - മാർച്ച് | OSA, OTA, SSG, PTA |
| 2. | " | റീഡേഴ്സ് തിയേറ്റർ | ജൂലായ് - ഫെബ്രുവരി | 3,4, കുട്ടികൾ മറ്റ് അധ്യാപകർ |
| 3 | " | പത്രം | ജൂലായ് - ഫെബ്രുവരി | " |
| 4 | " | സംയുക്ത ഡയറി | ജൂൺ - മാർച്ച് | രക്ഷിതാക്കൾ |
| 5. | " | നിർമ്മാണ പ്രവർത്തനം | ജൂൺ - ഫെബ്രുവരി | PTA, OSA |
| 6. | " | മികവുത്സവം | മാർച്ച് | SSG, BRC, നാട്ടുകാർ |

| S.No | Activity. | Activity | Month | Finance. |
| --- | --- | --- | --- | --- |
| 1. | English | Pattarange | June-Februaary | PTA, OSA, SRG |
| | " | Readers Theatre | July-February | SRG |
| | " | News | August-Februaary. | PTA, Parents |
| | " | Language games | June-March | Parents, SRG, OSA |
| | " | Mikavulsavam | March | SSG, BRC, |